## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2843 — 15.12.2015 -ലെ മറുപടിയ്ക്ക് ഉണ്ടായിരുന്നത്

# വിദൂര വിദ്യാഭ്യാസം

*ചോദ്യം*
ശ്രീ. വി.ശിവൻകുട്ടി

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിനുള്ള അനുമതി യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ പിൻവലിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിനുള്ള കാരണമെന്താണെന്നും കാരണക്കാരായ കേരള സർവ്വകലാശാലാ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ; | (ബി) | യു ജി സി നിഷ്കർഷിച്ച തരത്തിലുള്ള അഫിഡവിറ്റിലെ ചില നിബന്ധനകളിൽ (ചില കോഴ്സുകൾ നിർത്തലാക്കുക, ലേണേഴ്സ് സപ്പോർട്ട് സെന്ററുകളുടെ പ്രവർത്തനം നിർത്തുക മുതലായവ). നയപരമായ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം മൂലം അഫിഡവിറ്റ് സമയബന്ധിതമായി യു ജി സിയ്ക്ക് സമർപ്പിക്കാൻ കഴിയാതെ വന്നു. എന്നാൽ അതിനു പകരം സമർപ്പിച്ച undertaking കൾ ഒന്നും തന്നെ പരിഗണിക്കാതെ യു.ജി.സി കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസത്തിനുള്ള അനുമതി പിൻവലിക്കുകയായിരുന്നു. |
| (സി) | നഷ്ടപ്പെട്ട യു.ജി.സി. അനുമതി പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | അംഗീകാരം പുന:സ്ഥാപിക്കുന്നതിനുള്ള അപേക്ഷയും നിബന്ധനകൾ പൂർണ്ണമായും അംഗീകരിച്ച് കൊണ്ടുള്ള അഫിഡവിറ്റും യു.ജി.സി.യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്നതിനായി യൂണിവേഴ്സിറ്റി അധികാരികൾ യുജിസിയുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ